പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1856 — 14/08/2017-ൽ മറുപടിക്ക്

## നാഷണൽ ഹെൽത്ത് മിഷന്റെ കീഴിലുള്ള നഴ്സുമാരുടെ ശമ്പളം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.എസ്.ശിവകുമാർ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | സ്വകാര്യ നഴ്സുമാരുടെ ശമ്പളം 20,000/- രൂപയായി നിജപ്പെടുത്തിയ സർക്കാർ തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ എൻ.എച്ച്.എമ്മിന്റെ കീഴിൽ ജോലി ചെയ്തുവരുന്ന നഴ്സുമാരുടെ വേതനവും ഇരുപതിനായിരം രൂപയായി നിജപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | 2017-18 ൽ കേന്ദ്ര സർക്കാർ അംഗീകരിച്ച ആർ.ഒ.പി പ്രകാരം എൻ.എച്ച്.എം.-ന്റെ കീഴിൽ പ്രവർത്തിക്കുന്ന നഴ്സുമാർക്ക് നിലവിലുള്ള ശമ്പളത്തിന്റെ 5% വർദ്ധന നൽകാനാണ് കഴിയുക. |
| ബി) | 2017-18 സാമ്പത്തിക വർഷം നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ജോലി ചെയ്തുവരുന്ന നഴ്സുമാരുടെ ശമ്പളം എത്ര രൂപയായി ഉയർത്തുന്നതിനാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ; | ബി) | 2017-18 സാമ്പത്തിക വർഷം നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ജോലി ചെയ്തുവരുന്ന നേഴ്സുമാരുടെ ശമ്പളം നിലവിൽ വാങ്ങുന്നതിന്റെ 15% ആക്കി ഉയർത്തണമെന്ന് പി.ഐ.പി വഴി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. |
| സി) | നിലവിൽ എത്ര രൂപയായി നിജപ്പെടുത്തിയാണ് കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചത്; വിശദമാക്കാമോ? | സി) | കേന്ദ്ര സർക്കാരിന്റെ ആർ.ഒ.പി പ്രകാരം നിലവിൽ വാങ്ങുന്നതിന്റെ 5%. |

സെക്ഷൻ ഓഫീസർ